# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/131/2018 2018 ജൂൺ 20

## പത്രക്കുറിപ്പ്

**എം.ജി. ഡിഗ്രി ഏകജാലകം രണ്ടാംഘട്ട അലോട്ട്മെന്റ്: ജൂൺ 22 വരെ പുനഃക്രമീകരിക്കാം**

ജൂൺ 27ന് നടക്കുന്ന ഡിഗ്രി പ്രവേശനത്തിന്റെ രണ്ടാം അലോട്ട്മെന്റിന് പരിഗണിക്കപ്പെടുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നൽകിയ ഓപ്ഷനുകൾ പുനഃക്രമീകരിക്കുവാൻ ജൂൺ 22ന് വൈകീട്ട് 4.30 വരെ സൗകര്യമുണ്ടാകും. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനഃക്രമീകരണം നടത്താൻ സാധിക്കും. എന്നാൽ പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂട്ടതലായി കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. ഒന്നാം അലോട്ട്മെന്റ് വഴി പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ സംതൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം രണ്ടാം അലോട്ട്മെന്റിൽ പുതുതായി ഹയർ ഓപ്ഷനിലെ മറ്റൊരു പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്ന പക്ഷം പുതുതായി അലോട്ട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബ്ബന്ധമായും പ്രവേശനം നേടേണ്ടതായിവരും. കൂടാതെ അവർക്ക് ലഭിച്ച ആദ്യ അലോട്ട്മെന്റ് റദ്ദാക്കപ്പെടുകയും ചെയ്യും. സ്ഥിരപ്രവേശം എടുത്തിട്ടുള്ളവർ ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യേണ്ടതില്ല. ഒന്നാം അലോട്ട്മെന്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ പ്രവേശനം റദ്ദാക്കി പോകുന്നപക്ഷം അത്തരം വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് പ്രിൻസിപ്പൽമാർ തത്സമയംതന്നെ ഓൺലൈൻ അഡ്മിഷൻ പോർട്ടൽ വഴി സർവ്വകലാശാലയെ അറിയിക്കേണ്ടതാണ്.

**അർദ്ധ വാർഷിക റിട്ടേണുകൾ സമർപ്പിക്കണം**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ വരുന്ന സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ജോലിഭാരം നിർണ്ണയിച്ച് അദ്ധ്യാപക തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നതിന്റെ ഭാഗമായി 2018 ജനുവരി 15 വരെയുള്ള അർദ്ധവാർഷിക റിട്ടേണുകൾ നിശ്ചിതമാതൃകയിൽ ഈ മാസം 30നകം സർവ്വകലാശാലയിൽ സമർപ്പിക്കണം.

**പ്രാക്ടിക്കൽ**

ഒന്നാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി) ഫെബ്രുവരി 2018 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 26ന് വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ഡിസംബർ മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 3 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്)(പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്ററർ ബി.ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് ഡബിൾ ബിരുദ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

**ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് 2017-18**

മഹാത്മാഗാന്ധി സർവ്വകലാശാലാ മുഴുവൻ സമയ ഗവേഷണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് 2017-18ൽ അർഹരായ ഗവേഷക വിദ്യാർത്ഥികളുടെ ലിസ്റ്റ് സർവ്വകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in) അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അർഹരായവർ മാർച്ച് 31 വരെയുള്ള ആദ്യ രണ്ടുവർഷത്തെ ബില്ലുകൾ, എഗ്രിമെന്റ്, പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ടുകൾ, മുൻകൂർ കൈപ്പറ്റ് രസീത് എന്നിവ അടിയന്തിരമായി സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. എഗ്രിമെന്ററിന്റെ മാതൃക സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പി.എച്ച്.ഡി. നൽകി**

എൻവയൺമെന്റൽ സയൻസസിൽ എം. വീണ ജോർജിനും ഫിസിക്സിൽ പി. അപർണ്ണ, റീന ജേക്കബ്, റ്റി.വി. വിനീഷ് കുമാർ, ബബിത കെ. കുനിയിൽ, എൻ. അലോഷ്യസ് സാബു, എം.എസ്. സജന, പി. മുഹമ്മദ് ആരിഫ് എന്നിവർക്കും മാനേജ്മെന്റ് സ്റ്റഡിസിൽ ഉഷസ് മാത്യു, ജെ. ജോമിനി ജോയ്സ് എന്നിവർക്കും ഫിസിയോളജിയിൽ റ്റി.എം. സജി, ഹോം സയൻസിൽ തോമസ് റൂബി മറിയാമ്മ, കമ്പ്യൂട്ടർ സയൻസിൽ കെ.പി. പുഷ്പലത, കെമിസ്ട്രിയിൽ ദിവ്യ മാത്യു, നിധിൻ ചന്ദ്രൻ, പി.കെ. റെജിമോൻ എന്നിവർക്കും പി.എച്ച്.ഡി. നൽകുവാൻ മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനിച്ചു.

**എം.ജി.അന്തർദ്ദേശീയ യോഗാദിനം ആചരിക്കുന്നു**

മഹാത്മാഗാന്ധി സർവ്വകലാശാലാ സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതിയുടെ ആഭിമുഖ്യത്തിൽ കുറവിലങ്ങാട് ദേവമാതാ കോളേജിൽ ഇന്ന് (ജൂൺ 21) രാവിലെ 9.30ന് അന്തർദ്ദേശീയ യോഗ ദിനം ആചരിക്കും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം നിർവ്വഹിക്കുന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് യോഗ ദിന സന്ദേശം നൽകും. സിൻഡിക്കേറ്റ് മെമ്പർ പ്രൊഫ. ടോമിച്ചൻ ജോസഫ് അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ പ്രിൻസിപ്പൽ ഡോ. ജോജോ കെ. ജോസഫ്, വകുപ്പ് മേധാവി ഡോ. ഹരി ലക്ഷ്മീന്ദ്രകുമാർ എന്നിവർ സംസാരിക്കും.

**തേനീച്ച വളർത്തൽ ദ്വിദിന സൗജന്യ പരിശീലനം ഉദ്ഘാടനം ചെയ്തു**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്‌ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷന്റെയും കേരള സംസ്ഥാന ഹോർട്ടി കോർപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സർവ്വകലാശാലാ കാമ്പസിൽ ജൂൺ 20, 21 തീയതികളിൽ നടത്തുന്ന തേനീച്ച വളർത്തൽ സൗജന്യ പരിശീലന പരിപാടി പ്രോ വൈസ് ചാൻസലർ ഡോ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. ഹോർട്ടി കോർപ്പ് പ്രോഗ്രാം ഓഫീസർ ബെന്നി ഡാനിയേൽ അദ്ധ്യക്ഷനായ ചടങ്ങിൽ വകുപ്പ് മേധാവി മഞ്ജുഷ കെ.എ., ജേക്കബ് സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. കേരള സംസ്ഥാന ഹോർട്ടികോർപ്പിൽ നിന്നുള്ള വിദഗ്ധരാണ് ക്ലാസ്സുകൾ നയിക്കുന്നത്.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്‌ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷന്റെയും കേരള സംസ്ഥാന ഹോർട്ടി കോർപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന തേനീച്ച വളർത്തൽ സൗജന്യ പരിശീലന പരിപാടി പ്രോ വൈസ് ചാൻസലർ ഡോ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**